(സി) ജി.ഒ. (പി) 1187/99/ഫിൻ. എന്ന സർക്കാർ ഉത്തരവ് പ്രകാരം 3-4-1999-ലെ എച്ച്.ഡി.എസ്. തീരുമാനിച്ച വേതനം പേയിംഗ് കൗണ്ടറിലെ ജീവനക്കാർക്ക് നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ; പ്രസ്തുത ജീവനക്കാരോടുള്ള വിവേചനം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) എച്ച്.ഡി.എസ്. പേയിംഗ് കൗണ്ടർ എന്നിവിടങ്ങളിൽ പൂർണ്ണമായി ആഡിറ്റ് നടത്തിയിട്ട് എത്ര കാലമായി ; ആഡിറ്റ് നടത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റിയിലേക്ക് 2003 മെയ് മാസം 21,20,000 രൂപയും പേയിംഗ് കൗണ്ടറിൽ മരുന്ന് വിറ്റ ഇനത്തിൽ 87,00,000 രൂപയും ലഭിക്കുകയുണ്ടായി.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി എച്ച്.ഡി.എസ്.ന്റെ കീഴിൽ 194 ദിവസ വേതനക്കാരും, പേയിംഗ് കൗണ്ടറിൽ 108 ദിവസവേതനക്കാരും ജോലി ചെയ്യുന്നുണ്ട്.

(സി) പേയിംഗ് കൗണ്ടർ ജീവനക്കാരിൽ 41 പേർക്ക് ജി.ഒ. (പി) 1187/99/ഫിൻ എന്ന സർക്കാർ ഉത്തരവുപ്രകാരം വേതനം നൽകുന്നുണ്ട്. പേയിംഗ് കൗണ്ടറിനു സാമ്പത്തിക ഭദ്രത ഉണ്ടാകുന്ന മുറയ്ക്ക് ബാക്കിയുള്ളവർക്ക് നിയമപ്രകാരമുള്ള വേതനം നൽകുന്നതാണ്.

(ഡി) 1999 മാർച്ച് മാസംവരെ ചാർട്ടേഡ് അക്കൗണ്ടന്റ് പൂർണ്ണമായി ആഡിറ്റ് നടത്തിയിട്ടുണ്ട്. 2002 ഡിസംബർ മാസം എച്ച്. ഡി. എസിലേയും, പേയിംഗ് കൗണ്ടറിലേയും അക്കൗണ്ടുകൾ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗം ആഡിറ്റ് നടത്തിയിട്ടുണ്ട്. കൂടാതെ 2002-2003 വർഷത്തെ ആഡിറ്റ് നടത്തുന്നതിനു വേണ്ടി ചാർട്ടേഡ് അക്കൗണ്ടന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ചുള്ള കാന്റീൻ

165 (3880) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് കാന്റീൻ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ കാന്റീൻ നടത്തിപ്പിൽ എച്ച്.ഡി.എസ്.-ന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണമുണ്ടോ ;

(ബി) ഈ കാന്റീനിൽ നിന്നുള്ള വരുമാനം എച്ച്. ഡി. എസ്-ന് നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് കാന്റീൻ പ്രവർത്തിക്കുന്നുണ്ട്. ഇതിന്മേൽ എച്ച്.ഡി.എസ്-ന് നിയന്ത്രണമൊന്നുമില്ല.

(ബി) ഈ കാന്റീൻ നടത്തുന്ന ഹോസ്പിറ്റൽ സ്റ്റാഫ് വെൽഫയർ കമ്മിറ്റിയ്ക്കാണ് ഇതിൽ നിന്നുമുള്ള വരുമാനം ലഭിക്കുന്നത്. എച്ച്.ഡി.എസ്.-ന് ഇതിൽ നിയന്ത്രണമില്ലാത്തതുകൊണ്ട് ഇതിൽ നിന്നുമുള്ള വരുമാനം എച്ച്.ഡി.എസ്.-ന് നൽകാൻ കഴിയില്ല.

ഒ.പി. ടിക്കറ്റിന് ഫീസ് പിൻവലിക്കാൻ നടപടി

166 (3881) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ ഒ.പി. ടിക്കറ്റിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജാശുപത്രിയിൽ ഒ.പി.ടിക്കറ്റിന് ഫീസ് ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ നയത്തിന്റെ ഭാഗമായിട്ടാണോ ഇപ്രകാരം ഫീസ് പിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഒ.പി.ടിക്കറ്റ് ചാർജ്ജ് പിൻവലിക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഒ.പി. ടിക്കറ്റിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ജില്ലാ കളക്ടർ ചെയർമാനും വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ അംഗങ്ങളുമായിട്ടുള്ള ആശുപത്രി വികസന സമിതിയുടെ ഏകകണ്ഠമായ തീരുമാനപ്രകാരമാണ് ഒ.പി.ടിക്കറ്റിന് ചാർജ് ഈടാക്കുന്നത്.

(ഡി) പരിശോധിക്കാം.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly